നമ്പർ. സിബി(1) 293/2010.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം. തീയതി. 12.01.2011

**സർക്കുലർ നമ്പർ 3/2011**

വിഷയം :- സഹകരണ വകുപ്പ് – സഹകരണ മേഖലയിൽ പുതിയ നിക്ഷേപ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് അനുവാദം നൽകി നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ചു.

സൂചന :- ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.1.2011– ൽ ചേർന്ന ഉന്നതതലയോഗ തീരുമാനം.

ബാങ്കിംഗ് മേഖലയിൽ വിവിധ ബാങ്കുകൾ പ്രത്യേക നിക്ഷേപ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതായും ആയത് നിക്ഷേപരെ കൂടുതൽ ആകർഷിക്കുന്നതിന് ഇടയാകുന്നതായും, അപ്രകാരമുള്ള നിക്ഷേപ പദ്ധതികൾ സഹകരണ മേഖലയ്ക്ക് ഗുണകരവും പ്രയോജനകരവുമാണെന്നും സൂചന പ്രകാരം ചേർന്ന യോഗം വിലയിരുത്തുകയുണ്ടായി. ആയതിനാൽ സംസ്ഥാനത്ത് സഹകരണ മേഖലയിൽ പുതിയ നിക്ഷേപ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ടി യോഗം തീരുമാനിക്കുകയുണ്ടായി. ആയതു പ്രകാരം സഹകരണ മേഖലയിൽ 13.1.2011 മുതൽ 28.2.2011 വരെയുള്ള കാലയളവിൽ, 100 ദിവസവും, 300 ദിവസവും കാലാവധിയുള്ള പ്രത്യേക നിക്ഷേപ പദ്ധതികൾ ആവിഷ്ക്കരിച്ച് നിക്ഷേപം സ്വീകരിക്കുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്കിനും, ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും അനുവാദം നൽകുന്നു.

ടി നിക്ഷേപ പദ്ധതി പ്രകാരം മുതിർന്ന പൗരന്മാർ ഉൾപ്പെടെയുള്ള നിക്ഷേപകർ കേരള സംസ്ഥാന സഹകരണ ബാങ്കിലും, ജില്ലാ സഹകരണ ബാങ്കുകളിലും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും/ബാങ്കുകളിലും 13.1.2011 മുതൽ 28.2.2011 വരെയുള്ള കാലയളവിൽ നടത്തുന്ന 100 ദിവസവും 300 ദിവസവും കാലാവധിയുള്ള പ്രത്യേക നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്കുകൾ ശതമാനത്തിൽ ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| നിക്ഷേപ കാലാവധി | പലിശ നിരക്ക് (ശതമാനത്തിൽ) |
|---|---|
| 100 പൂർണ്ണ ദിവസം | 9.00 |
| 300 പൂർണ്ണ ദിവസം | 9.50 |

ഒപ്പ്
റാണിജോർജ്ജ് ഐഎഎസ്
സഹകരണ സംഘം രജിസ്ട്രാർ

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
3. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും,
4. എല്ലാ ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്)മാർക്കും,
5. *ജോയിന്റ് ഡയറക്ടർ/സമകാലീന ഓഡിറ്റർ, കേരള സംസ്ഥാന സഹകരണ* ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും,
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും,ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന.
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ഓഡിറ്റ്)മാർക്കും,ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) മുഖേന,
8. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന.
9. ചീഫ് ജനറൽ മാനേജർ, നബാർഡ്, റീജിണൽ ഓഫീസ്, തിരുവനന്തപുരം,
10. സെക്രട്ടറി, കേരള സംസ്ഥാന സഹകരണ യൂണിയൻ.
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
12. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷൻ സുപ്രണ്ട്മാർക്കും.
13. എഡിറ്റർ, സഹകരണ വീഥി
14. സഹകരണ സംഘം വെബ്സൈറ്റ്
15. സ്റ്റോക്ക് ഫയൽ.
16. സ്പെയർ.

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(സിബി സെക്ഷൻ)